7

# അനുസരണം

ദൈവത്തിനുവേി ഒരാൾ എടുക്കുന്ന ഏറ്റവും വലിയ തീരുമാനമാണ് അനുസരണം. ദിവസേനയുള്ള നടപ്പ് അനുസരണമുള്ള നടപ്പാണ്. കൂടുതൽ സ്ഥിരമായതും, അനുസരണമുള്ളതും, ഫലപ്രദമായതുമായ ഒരു ജീവിതമാണ് യേശു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. അങ്ങേയറ്റം നല്ലതാകണം എന്നല്ല ദൈവം ആഗ്രഹിക്കുന്നത്; അവൻ പ്രതീക്ഷിക്കുന്നത് അനുസരണമാണ്. ആത്മിയത എന്നു പറയുന്നത് ദൈവത്തോടുള്ള അനുസരണം മാത്രമാണ്.

സ്കൂളുകളിൽ നടക്കുന്ന അക്രമങ്ങളിൽ നാം ഞെട്ടിപ്പോകാറു്. അതിനുള്ള ഉത്തരം കൂടുതൽ പോലീസുകാരോ, ലോഹപരിശോധനയോ, ആയുധങ്ങളോ അല്ല. മറിച്ച്, ഉത്തരം അനുസരണമാണ്. നയിക്കുവാൻ ഒരാൾ അനുസരണം പഠിക്കേതു്. നയിക്കുവാനുള്ള യോഗ്യത ഒരാൾ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ പിൻപറ്റുവാൻ ശീലിക്കണം. നാം അനുസരിക്കുവാൻ പഠിക്കണം. നമ്മുടെ കുട്ടികളെ നാം അനുസരിക്കുവാൻ പഠിപ്പിക്കണം (എഫെസ്യർ 6:1; 1 പത്രൊസ് 1:14). അനുസരണമില്ലെങ്കിൽ, അക്രമവും കുഴപ്പവുമായിരിക്കും ഫലം. അടുത്ത സമയത്ത് ഒരു ആധുനികൻ, *അമേരിക്കാസ് പ്രോബ്ളം ഈസ് കറക്റ്റീവ് ഡിസിപ്ളിൻ* എന്ന, തന്റെ പുതിയ പുസ്തകം പരിചയപ്പെടുത്തുവാനായി, ടെക്സാസിലെ, ഡള്ളാസ് സന്ദർശിക്കയുായി. അച്ചടക്കമാണ് പ്രശ്നമെന്ന് അയാൾ കരുതുന്നു! കുട്ടികളെ തിരുത്താതെ വളർത്തണം എന്നാണ് അയാൾ പറയുന്നത്! നാം “ഉടമസ്ഥന്റെ കരവിരുത്” (ബൈബിൾ) എന്നതിലേക്ക് തിരിയണം. “ബാലന്റെ ഹൃദയത്തോടു ഭോഷത്വം പറ്റിയിരിക്കുന്നു; ശിക്ഷെക്കുള്ള വടി അതിനെ അവനിൽനിന്നു അകറ്റിക്കളയും” (സദൃശവാക്യങ്ങൾ 22:15); “വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു, അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു” (സദൃശവാക്യങ്ങൾ 13:24). ഈ തിരുവെഴുത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പഴഞ്ചൊല്ലു പറഞ്ഞിരുന്ന സാഹചര്യത്തിലാണ് ഞാൻ വളർന്നത്: “കുട്ടി നശിച്ചുപോകുവാൻ വടി മാറ്റുക!” അച്ചടക്കം സ്നേഹമില്ലായ്മയല്ല; അതു സ്നേഹമുള്ളതാണ്.

യേശുവിനെ സംബന്ധിച്ചു, “കേൾക്കുന്നതും” “അനുസരിക്കുന്നതും” ഒന്നുതന്നെ ആയിരുന്നു. അനുസരിക്കുന്നതുവരെ വാസ്തവത്തിൽ നിങ്ങൾ കേൾക്കുന്നില്ല. “ഇതാ, അനുസരിക്കുന്നതു യാഗത്തേക്കാളും, ശ്രദ്ധിക്കുന്നതു [കേൾക്കുന്നതു] മുട്ടാടുകളുടെ മേദസിനേക്കാളും നല്ലത്” (1 ശമുവേൽ 15:22). “അനുസരിക്കുക” എന്നതിന്റെ ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് “മനസിരുത്തുക” എന്നാണ്. “അനുസരണം” എന്ന വാക്ക് “ശ്രദ്ധിച്ചു കേൾക്കുക” എന്നർത്ഥമുള്ള ലാറ്റിൻ മൂല വാക്കിൽ നിന്നു വന്നതാണെന്നു എന്നോടു പറഞ്ഞിട്ടു്. ജീവിതത്തിലെ ചില വലിയ തത്വങ്ങൾ പഠിപ്പിക്കുവാൻ കഴിയില്ല എങ്കിലും, ശീലിക്കുവാൻ കഴിയും – ഉദാഹരണമായി കരുണ, ദയ, കൂടാതെ നിവർത്തീകരണം എന്നീ തത്വങ്ങൾ. യേശു കഷ്ടതയിൽ അനുസരണവും “പഠിച്ചു” എന്നാണ് എബ്രായർ 5:7–9 പറയുന്നത്. ക്രൂശ് യാഗത്തേക്കാളുപരി ആയിരുന്നു എന്നാണ് ആ വേദഭാഗം പറയുന്നത്; അതു അനുസരണമായിരു

ന്നു (കൂടാതെ ഫിലിപ്പിയർ 2:8-ഉം നോക്കുക).

ബൈബിൾപരമായ അനുസരണത്തിൽ മൂന്നു ഘടകങ്ങൾ ഉൾപ്പെടുന്നു:

(1) *കീഴ്പ്പെടൽ.* പന്ത്രാമത്തെ വയസിൽ, യേശു ദേവാലയത്തിൽ നിന്നു മടങ്ങിവന്നു മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നു (ലൂക്കൊസ് 2:51). ഒരാൾക്ക് ദൈവത്തോട് ശരിയായ മനോഭാവം ഉങ്കെിൽ, അവനെ അനുസരിക്കുന്നതിനു പ്രശ്നമുാവില്ല.

(2) *ആശ്രയം.* ഒരു മഹത്തായ ഗാനം പറയുന്നത്, "ആശ്രയിക്കയും അനുസരിക്കുകയും" ചെയ്യുക എന്നാണ്. ദൈവം ആശ്രയിക്കാവുന്നവനാണ്. ബൈബിൾ വിശ്വാസവും അനുസരണവും ഒന്നു തന്നെയാണ്. അവിശ്വാസവും അനുസരണയില്ലായ്മയും ഒന്നു തന്നെയാണ് (എബ്രായർ 3:12-4:11). നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേതാകുന്നു (പ്രവൃത്തികൾ 5:29). *ദൈവം ചെയ്യുവാൻ പറയുന്നതു ചെയ്യുക ... ദൈവം പറഞ്ഞതുകൊാണ് അതു ചെയ്യേത് ... ദൈവം പറയുന്നതുകൊു മാത്രം അതു ചെയ്യുക.*

(3) *പൂർണ്ണമായ അനുസരണം.* ഭാഗിക അനുസരണം അനുസരണക്കേടാണ്. (അമാലേക്യരെ നശിപ്പിക്കുന്നതിൽ ശൗൽ ഭാഗികമായി അനുസരിച്ചത് നോക്കുക; 1 ശമുവേൽ 15:7-26.) ഒരു ആശയം നന്നാവുന്നതു അതു ദൈവത്തിന്റെ ആശയം ആകുമ്പോഴാണ്. നിയമത്തെ അക്ഷരാർത്ഥത്തിൽ അനുസരിക്കാതെ ആ നിയമത്തിന്റെ മനോഭാവം നിങ്ങളിൽ നിലനിർത്തുവാൻ സാധ്യമല്ല. ഇഷ്ടമനുസരിച്ചുള്ള അനുസരണം അനുസരണക്കേടാണ്.

### അച്ചടക്കവും കടമയും

ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം തന്നെ അച്ചടക്കമാണ്. ദിവസേനയുള്ള നടപ്പ് പെട്ടെന്നു തീരുന്നതല്ല, അതൊരു ദീർഘദൂര നടപ്പാണ്. നാം യേശുവിനോടുകൂടെ സമയം ചെലവഴിക്കുന്നതു മറ്റുള്ളവർക്കു സ്പഷ്ടമാകുന്നതല്ലേ? നമ്മുടെ വേദശാസ്ത്രം നമ്മുടെ ജീവചരിത്രമായി തീരണം. നമ്മെ ദിവസവും ഉയർത്തിക്കൊുള്ള, തുടർച്ചയായ നടപ്പല്ല നമ്മുടെ ദിവസേനയുള്ള നടപ്പ്! നമുക്ക് പ്രവർത്തിക്കുവാൻ താല്പര്യമില്ലാത്ത ഒന്നിനുവേി പ്രാർത്ഥിക്കുന്നതു എത്ര അരോചകമാണ്! അച്ചടക്കം ഇല്ലെങ്കിൽ ക്രിയാത്മകത്വവും കഴിവും പരാജയമാകും. സ്ഥിരോൽസാഹത്തിനു പകരമായി മറ്റൊന്നില്ല. അച്ചടക്കം ഒരിക്കലും എളുപ്പമായിരിക്കയില്ല. യേശു തന്റെ ജീവിതം *ജീവിച്ചതു*കൊ ല്ല അധീനനായത് മറിച്ച് ജീവിതത്തെ അവൻ *ഏല്പിച്ചതു*കൊ ാണ്.

കീഴടങ്ങൽ, അനുസരണം, അച്ചടക്കം, കടമ എന്നിവയുടെ പ്രാധാന്യമുള്ള തത്വങ്ങൾ ഇന്നു സമൂഹത്തിൽനിന്നു തുടച്ചുനീക്കിയിരിക്കയാണ്. കടമയെ കുറിച്ചു പഠിപ്പിക്കുവാൻ, യേശു ഒരു ചെറിയ ഉപമ ലൂക്കൊസ് 17:7-10 ൽ പറയുന്നു്. നമ്മെ അതിശയിപ്പിക്കുന്നതു അവൻ നിർത്തുന്നില്ല. അവൻ പറഞ്ഞത് യജമാനൻ (കർത്താവ്) ചിന്തിച്ചില്ല എന്നാണ്. "കടമയെ" കുറിച്ച് പഠിപ്പിക്കുന്ന ഒരു പരുഷമായ ഉപമയാണിത്. സൈന്യത്തിലും, കായികാഭ്യാസത്തിലും, കുടുംബത്തിലും, ഒരാളുടെ ജോലിയിലും - അതെ, ജീവിതത്തിൽ തന്നെയും - തുടക്കം കുറിക്കുന്നതു കടമയാണ്. ആത്മിയത കടമയോടുകൂടിയാണ് തുടങ്ങുന്നതെങ്കിലും, അതു ഇനിയും മുമ്പോട്ട് പോകേതു്. കടമയുടെ പ്രതിഫലം കൂടുതൽ കടമയാണ്. മോശമെന്നു തനിക്കു തോന്നുമ്പോൾ അങ്ങേയറ്റം കഴിവു പ്രകടിപ്പിക്കുന്ന ഒരാളാണ് ഒരു "ഉദ്യോഗസ്ഥൻ." കടമ ഒരിക്കലും അവസാനിക്കുന്നില്ല.

"ഞാൻ ഉറങ്ങിയപ്പോൾ ജീവിതം മനോഹരമാണെന്ന സ്വപ്നം കു,
എന്നാൽ എഴുന്നേറ്റപ്പോൾ ജീവിതം കടമയാണെന്നു കു."

**************

# സ്നേഹം

## 1 കൊരിന്ത്യർ 13

"ആജ്ഞയുടെ ഉദ്ദേശമോ ശുദ്ധഹൃദയം നല്ല മനസാക്ഷി നിർവ്യാജവി ശ്വാസം എന്നിവയാൽ ഉളവാകുന്ന *സ്നേഹം തന്നെ" (1 തിമൊഥെയൊസ് 1:5).*

"നമ്മുടെ നിർദ്ദേശത്തിന്റെ ഉദ്ദേശം സ്നേഹമാണ് ... ." (1 തിമൊഥെയൊസ് 1:5). ജീവിതത്തിലും ക്രിസ്ത്യാനിത്വത്തിലും അവസാനത്തോള മുള്ള നന്മയാണ് സ്നേഹം. "ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം, ഈ മൂന്നും നിലനില്ക്കു ന്നു; ഇവയിൽ വലിയതോ സ്നേഹം തന്നെ" (1 കൊരിന്ത്യർ 13:13); "... ഇനി അതിശ്രേഷ്ഠമായ മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം" (1 കൊരിന്ത്യർ 12:31). സ്നേഹം അതി ശ്രേഷ്ഠമായ മാർഗമാണ്. സ്നേഹം എല്ലായ്പ്പോഴും ക്രിസ്ത്യാനിത്വവുമായി ബന്ധപ്പെട്ടതാണ്. സ്നേഹത്തെ നിങ്ങൾ ഒരിക്കലും പുതിയ-യുഗം, ബുദ്ധമതം, ഹിന്ദുമതം, അല്ലെങ്കിൽ ഇസ്ലാം മതം എന്നിങ്ങനെ മതപരമായി തെറ്റിദ്ധരിക്കരുത്. ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8, 16). "ബൈബിളിലെ സുവർണ്ണ വേദഭാഗം," എന്ന് പലപ്പോഴും വിളിക്കപ്പെ ടുന്ന, യോഹന്നാൻ 3:16 ഇങ്ങനെ പറയുന്നു, "തന്റെ ഏകജാതനായ പുത്ര നിൽ, വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കു വാന്തക്കവണ്ണം, ദൈവം ലോകത്തെ സ്നേഹിച്ചു." വിശ്വാസത്തിന്റെ വസ്തു തയാണ് ദൈവം; പ്രത്യാശയുടെ ഉറവിടമാണ് ദൈവം; എന്നാൽ ദൈവം സ്നേഹ*മാണ്*. ആരോ പറഞ്ഞു, "സ്നേഹം എല്ലാ കൃപകളുടേയും രാജ്ഞി യാണ്: അതിന്റെ ഉറവിടം ദൈവം ആണ്. അതിന്റെ നിലവാരം യേശു ആണ്. അതിന്റെ അളവ് കാൽവരിയാണ്. അതിന്റെ ശുശ്രൂഷയാണ് വിശ്വാസം. അതിന്റെ ശോധനയാണ് അനുസരണം." സ്നേഹം നമ്മെ ഒരു ഉയർന്ന നില വാരത്തിലേക്കു കൊണ്ടുപോകുന്നു - ദൈവത്തിന്റെ സൽഗുണങ്ങൾ. ആദ്യം ദൈവം നമ്മെ സ്നേഹിച്ചതുകൊാണ് നാം സ്നേഹിക്കുന്നത് (1 യോഹന്നാൻ 4:10, 11, 19). സ്നേഹിക്കുക എന്നാൽ ദൈവത്തെ അറിയുക; സ്നേഹിക്കാതിരിക്കുക എന്നാൽ ദൈവത്തെ അറിയാതിരിക്കുക എന്നതാണ് (1 യോഹന്നാൻ 4:7, 8). നാം എങ്ങനെ മറ്റുള്ളവരോടു പെരുമാറുന്നു എന്നത് ദൈവം നമ്മോടു എങ്ങനെ പെരുമാറുന്നു എന്ന നമ്മുടെ കാഴ്ച്ചപ്പാടിൽ നിന്നു ാകുന്നതാണ്. എന്തുചെയ്യണമെന്ന് ആളുകളോടു പറയുന്നതിനു മുൻപായി ദൈവം ചെയ്തതിനെ നിങ്ങൾ ആളുകളോടു പറയുക.

### സ്നേഹം പ്രായോഗികമാണ്

ദിവസേന ദൈവത്തോടുകൂടെയുള്ള ഒരു നടപ്പ് സ്നേഹത്തിലുള്ള നട പ്പാണ്. കാൽവരിയുടെ മുൻപിൽ വെച്ച് പത്രൊസ് യേശുവിനെ മൂന്നു

പ്രാവശ്യം തള്ളിപ്പറഞ്ഞു. അതിനാൽ, അവൻ അതിദുഃഖത്തോടെ കരഞ്ഞു (ലൂക്കൊസ് 22:62). യേശു അതിനെ എങ്ങനെയാണ് കൈകാര്യം ചെയ്തത്? അവൻ പത്രൊസിനെ എങ്ങനെ യഥാസ്ഥാനപ്പെടുത്തി? യോഹന്നാൻ 21 വായിക്കുക. ഒരേ ചോദ്യം യേശു പത്രൊസിനോടു മൂന്നു പ്രാവശ്യം ചോദിച്ചു: "നീ എന്നെ സ്നേഹിക്കുന്നുവോ?" ആ ചോദ്യം പത്രൊസിനെ മുറിവേൽപ്പിച്ചു! യേശു അവനെ കുറ്റപ്പെടുത്തുകയോ, ഭീഷണിപ്പെടുത്തുകയോ, ശിക്ഷിക്കുകയോ ചെയ്തില്ല. ഞായറാഴ്ച്ച പള്ളിയിൽ പോയി കുറെ പണം കൊടുക്കുവാൻ യേശു അവനോടു പറഞ്ഞില്ല. അതു വളരെ എളുപ്പമാകുമായിരുന്നു! "നീ എന്നെ സ്നേഹിക്കുന്നുവോ?" *ഓ!* അതാണ് ജീവിതത്തിലെ പ്രശ്നം: നാം വാസ്തവത്തിൽ യേശുവിനെ സ്നേഹിക്കുന്നുവോ? അവന്റെ ചോദ്യം പത്രൊസിനെ പ്രയാസമുള്ള ഒരു അവസ്ഥയിലാക്കി; അതു നമ്മെയും ബാധിക്കുന്നതാണ്. നാം സ്നേഹത്തിൽ പക്വത പ്രാപിക്കുന്നുവോ? യേശു പറഞ്ഞു, "പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ, സ്നേഹിക്കേണം എന്നു തന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും" (യോഹന്നാൻ 13:34, 35). സ്നേഹം "ശിഷ്യത്വത്തിന്റെ മുദ്ര" ആയി തീരണമെന്നു യേശു പ്രഖ്യാപിച്ചു. സ്നേഹം പുതിയതല്ല. യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കുന്നത് പുതുമയുള്ളതാണ്. വേദശാസ്ത്രമേഖലയിൽ കാൾ ബാത്ത് എഴുതിയതിനെ കുറിച്ചു ചുരുക്കി പറയുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അയാൾ പറഞ്ഞത് ഇങ്ങനെയാണ്, "യേശു എന്നെ സ്നേഹിക്കുന്നു, എന്ന് എനിക്ക് അറിയാം, കാരണം ബൈബിൾ അങ്ങനെ പറയുന്നു."[1] സ്നേഹത്തെ പൗലൊസ് 1 കൊരിന്ത്യർ 13:4–8 ൽ വിവരിച്ചിരിക്കുന്നു. അവന്റെ വിവരണം യേശുവിനെ വിവരിക്കുന്നതിനു തുല്യമാണ്. അവ നമ്മെയും വിവരിക്കുന്നതാകണം.

യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കണമെന്നു പൗലൊസ് വിവാഹത്തിലേർപ്പെട്ട ദമ്പതികളോട് പറയുന്നു (എഫെസ്യർ 5:25–33). നമ്മുടെ വീട്ടിലെ പരാജയങ്ങൾ "സ്നേഹത്തിന്റെ പരാജയങ്ങളാണ്." നാം സഹോദരന്മാരെയും അങ്ങനെ സ്നേഹിക്കണം (റോമർ 12:9, 10; 1 തെസലൊനിക്യർ 4:9; എബ്രായർ 13:1; 1 പത്രൊസ് 1:22; 2:17; 1 യോഹന്നാൻ 4:7; 3:11; 4:11; 2 യോഹന്നാൻ 5). നാം നമ്മുടെ അയൽക്കാരെയും അങ്ങനെ സ്നേഹിക്കണം (മത്തായി 22:34–40; റോമർ 13:8–10). കാണപ്പെടുന്ന സഹോദരന്മാരെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്നു നമുക്ക് എങ്ങനെ അവകാശപ്പെടുവാൻ കഴിയും (1 യോഹന്നാൻ 4:19–21)? നമ്മുടെ ദിവസേനയുള്ള നടപ്പിൽ ദൈവത്തോടുള്ള നമ്മുടെ സ്നേഹബന്ധമാണ് വളരെ നിർണ്ണായകമായ ഒരു തത്വം. പക വിജയിക്കുമ്പോഴുാകുന്നതിനേക്കാൾ ശക്തിയാണ് സ്നേഹം നഷ്ടപ്പെടുമ്പോൾ ചെലുത്തുന്നത്.

ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിയന്ത്രിക്കുന്നു (2 കൊരിന്ത്യർ 5:14). നമ്മെ ഉത്തേജിപ്പിക്കുവാൻ ക്രിസ്തുവിന്റെ ക്രൂശിന്നു കഴിയുന്നില്ലെങ്കിൽ, പിന്നെ എന്തിനു കഴിയും? ദൈവസ്നേഹം നമ്മിലേക്ക് പകർന്നതു പരിശുദ്ധാത്മാവിനാലാണ് (റോമർ 5:5–8). സ്നേഹത്താൽ വിശ്വാസം പ്രാവർത്തികമാകുമ്പോൾ, ക്രിസ്ത്യാനിത്വം, തിളച്ചുമറിയും (ഗലാത്യർ 5:6). മുന്തിരിവള്ളിയുടേയും കൊമ്പുകളുടേയും ഉപമയിൽ, യേശു പറഞ്ഞു, "എന്നിൽ വസിപ്പിൻ"; "എന്റെ വചനം നിങ്ങളിൽ വസിക്കുന്നു"; "എന്റെ സ്നേഹത്തിൽ വസി

പ്പിൻ" (യോഹന്നാൻ 15:1-13). സ്നേഹം ന്യായപ്രമാണത്തെ നിവർത്തിക്കുന്നു (റോമർ 13:10). സ്നേഹത്തിന്റെ രാസപരിശോധന അനുസരണമാണ്. യേശു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15; വാ. 23 നോക്കുക). ക്രിസ്തീയ ജീവിതം എപ്പോഴും എളുപ്പമോ സന്തോഷപ്രദമോ ആയിരിക്കയില്ല, എന്നാൽ അതു സ്നേഹത്തിലുള്ള ജീവിതമാണ്.

ചരിത്രത്തിൽ ഒരിക്കലും യേശുവിനെ കുറിച്ചു പറയുകയും അവന്റെ ഉപദേശങ്ങളെ അവഗണിക്കുകയും ചെയ്തിട്ടില്ല. യേശുവിൽ വിശ്വസിക്കുക എന്നാൽ യേശു വിശ്വസിച്ചതിലും ഉപദേശിച്ചതിലും വിശ്വസിക്കുക എന്നാണർത്ഥം. ക്രിസ്തുവിന്റെ സ്നേഹം അവന്റെ ക്രൂശിൽ കാണാം. ബൈബിൾപരമായ സ്നേഹം "പ്രയാസമുള്ള സ്നേഹമാണ്." ദൈവസ്വഭാവം തന്നെ അച്ചടക്കമാണ്. ത്യാഗവും നൽകലും നമ്മുടെ സ്നേഹമുള്ള ദൈവത്തിൽ കാണാം. നിലനില്ക്കുന്ന തായ വിഷയം ആണ് സ്നേഹം. "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇഛിച്ചാൽ, തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കത്തെും" (മത്തായി 16:24, 25).

സ്നേഹം ഒരിക്കലും പരാജയപ്പെടുകയില്ല (1 കൊരിന്ത്യർ 13:8)! എന്തൊരു പ്രസ്താവന! സ്നേഹം പരാജയപ്പെടുന്നില്ല; നാം സ്നേ ഹത്തെ പരാജയപ്പെടുത്തുന്നു. "ദൈവം സ്നേഹം തന്നെ, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു ദൈവം അവനിലും വസിക്കുന്നു" (1 യോഹന്നാൻ 4:16).

### എന്താണ് സ്നേഹം?

സ്നേഹത്തിൽ ലോകം ഭ്രാന്തമായി മുഴുകിയിരിക്കുകയാണ്. *സ്നേഹം – സ്നേഹം – സ്നേഹം!* ഒരു ഗാനം പറയുന്നതു, "ഇന്നു ലോകത്തിനു ആവശ്യം സ്നേഹമാണ്, മധുരമുള്ള സ്നേഹം." എല്ലാറ്റിനുമുള്ള ഉത്തരം സ്നേഹമാണ്. നിങ്ങൾ രാവും പകലും അതിനെ കുറിച്ചു കേൾക്കാറു്. എവിടെയാണ് സ്നേഹം? ലോകം യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്; അക്രമം പെരുകിവരുന്നു; ലോകം അപകടകരമാണ്! ഉപേക്ഷണം ഇന്നു സർവ്വസാധാരണമാണ്. ഉപേക്ഷണം ഇന്നു അവിശ്വാസികളിൽ നടക്കുന്നതിനേക്കാൾ കൂടുതൽ സഭയിലെ അംഗങ്ങൾക്കിടയിലാണ് നടക്കുന്നതെന്നു ഒരു കണക്കിൽ പറയുന്നു! കുട്ടികളെ അപമാനിക്കൽ ... മയക്കുമരുന്ന് ... കുറ്റകൃത്യം ... കുലപാതകങ്ങൾ ... സ്നേഹം, അതെല്ലായിടത്തും ഉായിരുന്നെങ്കിൽ, ഇവയെല്ലാം ഉാകുമായിരുന്നില്ല! അധാർമ്മികത, അശ്ലീലചിത്രങ്ങൾ, മോശമായ പെരുമാറ്റം എന്നിവ വർദ്ധിച്ചുവരുന്നു. ബഹുമാനത്തിന്റെ കാര്യത്തിൽ, ഉപദേഷ്ടാക്കന്മാർ രാഷ്ട്രീയക്കാരേക്കാൾ ഒരു പടി മുകളിലാണ്! സ്നേഹമാണ് ഉത്തരം, പക്ഷെ സ്നേഹം പരിശീലിക്കപ്പെടുന്നില്ല.

എന്താണ് സ്നേഹം? നാം നമ്മോടു തന്നെ "എന്താണ് *വാസ്തവത്തിലുള്ള* സ്നേഹം?" എന്നു ചോദിക്കുകയാണെങ്കിൽ, പ്രശ്നം വ്യക്തമാകും. എന്നോട് പറയുക! ഞാൻ ഒരു ഉത്തരം ആവശ്യപ്പെടുന്നു! ചിന്തിക്കുക. വാക്കുകളിലാക്കുക. ചുരുക്കി പറയുക. എന്താണ് സ്നേഹം എന്നു എന്നോടു പറയുക! നിങ്ങൾ അതിനെകുറിച്ച് ചിന്തിച്ചിട്ടില്ലേ? വാസ്തവത്തിലുള്ള സ്നേഹത്തിന്റെ സൂചന നമ്മുടെ സംസ്ക്കാരത്തിലില്ല! ഇക്കാര്യത്തിൽ സഭ ഉത്തമ

മാണോ? നാം വഞ്ചിക്കപ്പെട്ടിരിക്കയാണ്. സ്നേഹം എന്താണെന്നു പഠിപ്പിക്കാതെയാണ് നമ്മെ സ്നേഹത്തെ പഠിപ്പിച്ചിരിക്കുന്നത്. സ്നേഹം എന്താണെന്നു നിങ്ങൾക്ക് അറിയില്ലെങ്കിൽ, നിങ്ങൾക്ക് അതെങ്ങനെ ഉാകും, അതിനെ പരിശീലിക്കുവാനും, ജീവിക്കുവാനും എങ്ങനെ സാധിക്കും? വാസ്തവത്തിലുള്ള സ്നേഹം എങ്ങനെയിരിക്കും? വാസ്തവത്തിലുള്ള സ്നേഹം എന്തു ചെയ്യും? വാസ്തവത്തിലുള്ള സ്നേഹം എന്തു ചെയ്യുകയില്ല? ഈ ചോദ്യങ്ങൾക്ക് ബൈബിളിൽനിന്നു സത്യസന്ധമായി, ഉത്തരങ്ങൾ കത്തെണം. വ്യാജമായ സ്നേഹം മോശമായതിനെ കൂടുതൽ വഷളാക്കുവാനേ ഉപകരിക്കൂ.

സ്നേഹത്തിൽ ഉള്ള വർദ്ധനവു ''ദൈവത്തിന്റെ കാര്യമാണ്.'' സ്നേഹത്തെ മനസിലാക്കുവാൻ ഒരാൾ ദൈവത്തെ മനസിലാക്കണം.ദൈവം സ്നേഹമാണ് – പക്ഷെ സ്നേഹം ദൈവം ആകുന്നില്ല! സ്നേഹം നമ്മുടെ ആരാധനയാകരുത്. സ്നേഹം ദൈവമാകുമ്പോൾ, അതു സാത്താനായി മാറുന്നു. സ്നേഹം ദൈവത്തോടു മത്സരിക്കുവാൻ പോലും പാടില്ല. ഏകനും, സർവ്വ-വ്യാപിയുമായ അധികാരി, എന്ന ആശയത്തിനെതിരായി, നമ്മുടെ സംസ്ക്കാരം കയ്യേറ്റം നടത്തിയിരിക്കയാണ്. ദൈവം ഇനി ഒരിക്കലും "യിസ്രായേലിന്റെ പരിശുദ്ധൻ" എന്ന നിലയിലായിരിക്കയില്ല. ദൈവത്തിന്റെ പൂർണ്ണ സത്യത്തിനു പകരം ദൈവത്തെകുറിച്ചു ഭാഗികമായ സത്യം എടുക്കുമ്പോൾ സ്നേഹം വിഗ്രഹാരാധനയായിതീരുന്നു. ദൈവം സ്നേഹത്തെ നിർവ്വചിക്കുന്നു; സ്നേഹം ദൈവത്തെ നിർവ്വചിക്കുന്നില്ല. നമുക്ക് യോജിച്ച വിധത്തിൽ നാം സ്നേഹത്തെ നിർവ്വചിക്കുമ്പോൾ, നാം ദൈവത്തെ നിർവ്വചിക്കുന്നതും നമുക്ക് യോജിച്ച വിധത്തിലാകുന്നു. രായിരം വർഷങ്ങൾക്കു ശേഷം, ക്രിസ്ത്യാനികൾ ദൈവത്തെ കുറിച്ചും സ്നേഹത്തെ കുറിച്ചും പ്രാഗത്ഭ്യമുള്ളവരാകും.

ബൈബിൾ സ്നേഹം വൈകാരിക സ്നേഹമല്ല. ഗ്രീക്ക് വാക്ക് *അഗാപെ* എന്നാണ്. അതു താല്പര്യത്തിൽനിന്നു വരുന്നതാണ്; അതൊരു തിരഞ്ഞെടുപ്പും, തീരുമാനവും, സമർപ്പണവുമാണ്. ബൈബിൾ സ്നേഹം കല്പിച്ചിരിക്കുന്നതാണ്; വൈകാരിക സ്നേഹം (ആരെയെങ്കിലും ഇഷ്ടപ്പെടുന്നത്) കല്പിക്കുവാൻ സാധിക്കുന്നതല്ല. മറ്റുള്ളവർ *ആരാണ്* എന്നതുകൊ ല്ല മറിച്ച് നാം *ആരായിരി*ക്കുന്നു എന്നതുകൊണ്ട് നാം അവരെ ഇഷ്ടപ്പെടുന്നത്. ശത്രുക്കളെ സ്നേഹിപ്പാൻ പോലും ക്രിസ്ത്യാനികളോടു കല്പിച്ചിരിക്കുന്നു (മത്തായി 5:44). സ്നേഹത്തെ ഒരിക്കലും വൈകാരിക വിഡ്ഢിത്തമാക്കരുത്. സ്നേഹത്തെ സഹിഷ്ണുതയുമായി തെറ്റിദ്ധരിക്കരുത്. ഒരിക്കലും വലയിൽ കുടുങ്ങരുത്: "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, നിങ്ങൾ എന്റെ പെരുമാറ്റത്തെ അംഗീകരിക്കും"; "നിങ്ങൾ എന്നെ സ്നേഹിച്ചാൽ, നിങ്ങൾ എന്നോടു യോജിക്കും"; "നിങ്ങൾ എന്നെ സ്നേഹിച്ചാൽ, എന്റെ വഴി ഞാൻ തിരഞ്ഞെടുക്കുവാൻ നിങ്ങൾ എന്നെ അനുവദിക്കും." സ്നേഹത്തെ ഇതു *സ്വാതന്ത്ര്യമായി തരം താഴ്ത്തുന്നു.* ബൈബിൾ സ്നേഹം ആഗ്രഹങ്ങളെയും, വികാരങ്ങളെയും, ആവേശത്തെയും, ആർത്തിയേയും പിൻതുടരുന്നതല്ല. ബൈബിൾ സ്നേഹം ഒരു "അനുഭവം" അല്ല. എങ്ങനെ സ്നേഹത്തിൽ ഒരുമിച്ച് ജീവിക്കണമെന്നു പഠിക്കുന്ന ഒരു പരീക്ഷണശാലയായി രിക്കണം സഭ. സഭ നമ്മെ സാത്താനിൽനിന്നു മാത്രമല്ല, നമ്മിൽനിന്നു തന്നെയും രക്ഷിക്കുവാനാണ് നിലകൊള്ളുന്നത്. "സ്നേഹത്തിൽ സത്യം സംസാരിക്കുക" എന്നതാണ് നമ്മുടെ

ഏറ്റവും വലിയ നേട്ടം (എഫെസ്യർ 4:15).

**സ്നേഹത്തിന്റെ മുൻഗണനകൾ**

ആളുകൾ ഇന്നു സ്നേഹത്തെ നിസാരമായി ചുരുക്കുക മാത്രമല്ല, അവർ സ്നേഹത്തിന്റെ മുൻഗണനകൾ ഗ്രഹിക്കുന്നതിലും പരാജയപ്പെട്ടിരിക്കുന്നു:

1. ദൈവം
2. കുടുംബം
3. സ്വന്തം
4. മറ്റുള്ളവർ
5. ശത്രുക്കൾ

പാപം അധർമ്മമാണ് (1 യോഹന്നാൻ 3:4; റോമർ 4:15 നോക്കുക); മുൻഗണനകൾ തെറ്റിച്ചിരിക്കുന്നതുമാണ് പാപം. നമ്മുടെ ദിവസേനയുള്ള കുഴപ്പങ്ങൾ കുറ്റകൃത്യങ്ങളിൽ നിന്നുള്ളതല്ല; മിക്കവയും നന്മയെ തെറ്റിദ്ധരിച്ചിരിക്കുന്നതാണ്. നമ്പർ 1 ദൈവം ആണ്: "'നിന്റെ ദൈവമായ കർത്താവിനെ നീ, പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും, പൂർണ്ണ മനസോടുംകൂടെ സ്നേഹിക്കണം.' ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന" (മത്തായി 22:37, 38). നമുക്കുള്ള എല്ലാംകൊണ്ടും നാം ആയിരിക്കുന്ന പൂർണ്ണതയോടുംകൂടി ദൈവത്തെ സ്നേ ഹിക്കേവരാണ് നമ്മൾ. സ്നേഹമാണ് ഉത്തരം കാരണം അതു നമ്മുടെ മുൻഗണനകൾ ശരിയായി സൂക്ഷിക്കുന്നു. "എന്റെ അടുക്കൽ വരികയും, അപ്പനെയും അമ്മയേയും ഭാര്യയേയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും, സ്വന്തജീവനേയും കൂടെ, പകെക്കാതിരിക്കയും ചെയ്യുന്നവന്നു, എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കൊസ് 14:26). അവന്റെ പ്രസ്താവന ഞെട്ടിക്കുന്നതാണോ? അതെ! അതു പ്രാവർത്തികമാണോ? അതെ! അതു വൈകാരിക സ്നേഹം/വെറുപ്പ് *അല്ല*. മറിച്ച്, ഒന്നിനെ തിരഞ്ഞെടുക്കുക എന്നത് മറ്റൊന്നിനെ ത്യജിക്കുന്നതാണ്.

നമ്പർ 1 ആയിട്ടുള്ളതിനെ മൂന്നാം സ്ഥാനത്തോ, നമ്പർ 5 ആയിരിക്കുന്നതിനെ രാം സ്ഥാനത്തോ, നമ്പർ 3 ആയിരിക്കുന്നതിനെ രാമതായോ ഇടരുത്! ചെറിയ കാര്യങ്ങൾ തീരുമാനിക്കപ്പെടേതു വലിയ കാര്യങ്ങളാലായിരിക്കണം. നാം കുടുംബത്തിനു നൽകുന്നവരായിരിക്കണം (1 തിമൊഥെയൊസ് 5:8), എന്നാൽ മക്കളെ വിഗ്രഹങ്ങളാക്കുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. കുടുംബത്തിൽ തന്നെ ശ്രദ്ധ ചെലുത്താതിരിക്കുക; ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. അതു മുൻഗണനാ പ്രശ്നം പരിഹരിക്കും. കുടുംബത്തോടും, സ്വന്തത്തോടും, മറ്റുള്ളവരോടും നമുക്ക് ശത്രുക്കളോടില്ലാത്തതായ കടപ്പാടു്. അതു വിവേകമാണ്. സ്നേഹത്തിന്റെ മുൻഗണനകൾ സ്നേഹത്തെ ഭൂമിയിൽ ഏറ്റവും പ്രായോഗികമായ ഒന്നാക്കും. ചിലപ്പോൾ ആദ്യമായി ചെയ്യേ കാര്യങ്ങൾ ആദ്യം ചെയ്യുന്നതു എളുപ്പമായിരിക്കും എന്നാൽ അടുത്തതായി ചെയ്യേവ അടുത്തതായി ചെയ്യുവാൻ എളുപ്പമല്ല. ഇതാണ് നമ്മുടെ ദിവസേനയുള്ള നടപ്പിലെ ദിവസവുമുള്ള പ്രശ്നം.

**നിബന്ധനയില്ലാത്ത സ്നേഹം നിബന്ധനയുള്ളതാകുന്നു**

സ്നേഹം ''ഉള്ളിൽ'' ആണ്; നിബന്ധനയില്ലാത്ത സ്നേഹമുള്ളത് "ഉള്ളിൽ – ഉള്ളിൽ – ഉള്ളിൽ!" അതു കൂടാതെ ടോക്ക് ഷോസ് (തോട്ട് ഷോസ് അല്ല) നിലനില്ക്കുകയില്ല. അതെ, ദൈവം സ്നേഹമാണ്. ദൈവത്തിന്റെ സ്നേഹം സമ്പാദിക്കാവുന്നതോ, യോഗ്യമാക്കാവുന്നതോ, വാങ്ങാവുന്നതോ അല്ല. അവനു നമ്മെ കൂടുതൽ സ്നേഹിക്കുവാൻ കഴിയുകയില്ല; കുറച്ചു സ്നേഹിക്കുവാനും കഴിയുകയില്ല. നിബന്ധനയില്ലാത്ത സ്നേഹവും അനർഹമായ സ്നേഹവും തമ്മിൽ തെറ്റിദ്ധരിക്കരുത്. നാം ആരെയെങ്കിലും സ്നേഹിക്കുന്നതിനേക്കാളധികം ദൈവം എല്ലാവരേയും സ്നേഹിക്കുന്നു്. ദൈവത്തിന്റെ കൃപയാണ് രക്ഷക്കു മുൻകയ്യെടുത്തത്; ദൈവസ്നേഹം നിമിത്തമാണ് ദൈവകുഞ്ഞാടിനെ നമുക്ക് നല്കിയത്. പാപികൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും, രക്ഷ അവർക്കു നൽകിയിരിക്കുന്നു. ഇത്തരം താഴ്ത്തുന്ന സ്വാധീനമാണ് സ്നേഹം പാപികളിൽ ചെലുത്തുന്നത്. നാം നിത്യമായി നഷ്ടപ്പെട്ടവരും സ്വയമായി നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയാത്തവരുമാണ്.

നിബന്ധനയില്ലാത്ത സ്നേഹവും നിബന്ധനയില്ലാത്ത കൂട്ടായ്മയും തമ്മിൽ തെറ്റിദ്ധരിക്കപ്പെടരുത്. ലൂക്കൊസ് 15–ലെ മുടിയനായ പുത്രന് അവൻ ആഗ്രഹിച്ചതുപോലെ പാപം ചെയ്യുവാൻ തന്റെ വീട്ടിൽ അസാധ്യമാണെന്ന് അറിയാമായിരുന്നു. അവനെ ദൈവം വീട്ടിലും, ദൂരദേശത്തും, പിന്നീട് വീട്ടിൽ തിരിച്ചു വന്നപ്പോഴും സ്നേഹിച്ചിരുന്നു. അവിടെ പ്രശ്നം സ്നേഹമായിരുന്നില്ല. നിബന്ധനകൂടാതെയുള്ള സ്നേഹം എല്ലാവർക്കും ഒരുപോലെയാണ് (ആളുകൾ എങ്ങനെ ജീവിച്ചാലും, അതു കണക്കാക്കാതെ ദൈവം എല്ലാവരേയും രക്ഷിക്കും എന്ന വാദം). ദൈവം വെളിച്ചമാണ് (1 യോഹന്നാൻ 1:5). വെളിച്ചത്തിനു ഇരുളുമായി കൂട്ടായ്മയില്ല. ക്രിസ്തുവിന്റെ മേശയിൽ സാത്താനോടുകൂടെ നിങ്ങൾക്ക് ഇരിക്കുവാൻ സാധ്യമല്ല (1 കൊരിന്ത്യർ 10:21). ക്രിസ്തുവിനേയും ബിലെയാലിനേയും കൂട്ടിക്കുഴക്കരുത് (2 കൊരിന്ത്യർ 6:14–16). വെളിച്ചത്തിൽ നടന്നാൽ മാത്രമേ കൂട്ടായ്മ വരുന്നുള്ളൂ (1 യോഹന്നാൻ 1:7). ക്രൂശിൽ വെച്ചല്ലാതെ നമ്മോടു ക്ഷമിക്കുവാനും നമ്മെ അംഗീകരിക്കുവാനും – ദൈവത്തിനു സാധ്യമല്ല – സാധിക്കുകയുമില്ല. യേശുവിന്റെ ക്രൂശ് ആവശ്യമാണെങ്കിൽ, പിന്നെ നമ്മുടേയും ക്രൂശ് ആവശ്യമാണ്. ദൈവത്തിന്റെ കൃപ അനർഹമാണ് പക്ഷെ നിബന്ധനയോടുകൂടിയതാണ്.

ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം നിബന്ധനയോടുകൂടിയതാണ്. ഒരു ദാനത്തിനു (2 കൊരിന്ത്യർ 9:15) രു കാര്യങ്ങൾ വേണം: (1) ഒരു നല്കുന്നവനും (2) ഒരു സ്വീകരിക്കുന്നവനും. *രും വേണം!* സ്വീകരിക്കാത്ത ഒരാൾക്ക് എന്തെങ്കിലും നല്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ദാനം അനർഹമാണ്. ദാനം സ്വീകരിക്കപ്പെടണം. നാം എന്തായിരിക്കുന്നു എന്നു നോക്കിയല്ല ദൈവം നമ്മെ സ്നേഹിക്കുന്നത്; നാം എന്തുതന്നെ ആയാലും ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവം ആഗ്രഹിക്കുന്നതും നല്കുന്നതും എല്ലാവർക്കും രക്ഷയാണ് (2 പത്രൊസ് 3:9; 1 തിമൊഥെയൊസ് 2:4). എങ്ങനെയായാലും, ദൈവം നമ്മിൽ രക്ഷ അടിച്ചേല്പിക്കുകയില്ല! ഒരു "ഉവ്വ്" എന്നതിൽ ഒരു "ഇല്ല" എന്നത് അടങ്ങിയിരിക്കുന്നു. ഒരു "ഇല്ല" എന്നതിൽ ഒരു "ഉവ്വ്" എന്നതും അടങ്ങിയിരിക്കുന്നു. നമുക്ക് അതു നേടിയെടുക്കുവാൻ സാധ്യമല്ല, പക്ഷെ നിഷേധിക്കുവാൻ കഴിയും. തികഞ്ഞ അബദ്ധവും, യുക്തിരഹിതമായ കഴിവും, നിറഞ്ഞുകവിയുന്ന ലാളിത്യവുമാണ് കൃപ ... *കൂടാതെ നിബന്ധനയോടുകൂടിയ*

*തുമാണ്*! ക്രിസ്തു നിങ്ങൾക്കു വേി മരിച്ചതു വൃഥാവാകുവാൻ നിങ്ങൾ അനുവദിക്കരുത്! ചില കാര്യങ്ങൾ നമുക്ക് വേി ദൈവത്തിനു പ്രവർത്തിപ്പാൻ കഴിയുന്നില്ല കാരണം നാം അവനെ അതിനു അനുവദിക്കുന്നില്ല. നാം ദൈവത്തെ ശ്രദ്ധിക്കാതെ യിരുന്നാൽ അവനു നമ്മോടു സംസാരിക്കുവാൻ സാധിക്കുകയില്ല. ദൈവകൃപയോടു ദിവസവും പ്രതികരിക്കുക.

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പ്

[1]മൈക്കൽ പി. ഗ്രീൻ, എഡി., *ഇല്ലസ്ട്രേഷൻസ് ഫോർ ബൈബിളിക്കൽ പ്രീച്ചിങ്* (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1989), 377.